"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന വകുപ്പ് - കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്രമക്കേട് സംബന്ധിച്ച ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ നടപടിക്രമത്തിനെതിരെ കേരള സഹകരണ സംഘം നിയമം, 1969-ലെ വകുപ്പ് 83 പ്രകാരം ശ്രീ. പി. മുഹമ്മദ് നിസാറും മറ്റ് ആറു പേരും സമർപ്പിച്ച അപ്പീൽ ഹർജി തള്ളി, വകുപ്പ് 68(2) പ്രകാരം പുറപ്പെടുവിച്ച സർചാർജ് ഉത്തരവ് നിലനിർത്തിക്കൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.58/2026/F&P തീയതി,തിരുവനന്തപുരം, 22-01-2026

---

പരാമർശം:-

1. ഉത്തര മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടറുടെ 03/05/2025 ലെ JDFKZD/177/2022-F നടപടിക്രമം
2. 12/07/2025 തീയതിയായി ശ്രീ. പി. മുഹമ്മദ് നിസാറും മറ്റുള്ളവരും സമർപ്പിച്ച അപ്പീൽ ഹർജി.
3. ഫിഷറീസ് ഡയറക്ടറുടെ 11/08/2025, 19/08/2025 തീയതികളിലെ DFTVM/3169/2020-F2 നമ്പർ കത്തുകൾ.

**ഉത്തരവ്**

കണ്ണൂർ സിറ്റി മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.എഫ് (ഡി)–190/03-ൽ നടന്ന ക്രമക്കേടുകളുമായി ബന്ധപ്പെട്ട് കേരള സഹകരണ സംഘം നിയമം, 1969-ലെ വകുപ്പ് 65, 68 എന്നിവ പ്രകാരം അന്വേഷണം നടത്തി, സംഘത്തിന് ഉണ്ടായ സാമ്പത്തിക നഷ്ടം ഈടാക്കുന്നതിനായി പരാമർശം (1) പ്രകാരം ഉത്തര മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ / രജിസ്ട്രാർ സർചാർജ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സംഘത്തിന് വിവിധ കാലയളവുകളിൽ വർക്കിംഗ് ക്യാപ്പിറ്റൽ, ലോൺ, ഫിഷ് മാർക്കറ്റിംഗ് സെന്റർ, വായ്പാ കുടിശ്ശിക എന്നിവയിൽ ഉണ്ടായ നഷ്ടം സംബന്ധിച്ചാണ് ഹർജിക്കാർക്കെതിരെ സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് ഫിഷറീസ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പ്രസ്തുത സർചാർജ് ഉത്തരവിനെതിരെ, സംഘത്തിന്റെ മുൻ ഭരണസമിതി അംഗങ്ങളായ ശ്രീ. പി. മുഹമ്മദ് നിസാറും മറ്റ് ആറു പേരും പരാമർശം (2) പ്രകാരം കേരള സഹകരണ സംഘം നിയമം, 1969-ലെ വകുപ്പ് 83 പ്രകാരം അപ്പീൽ ഹർജി സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അപ്പീൽ ഹർജി 14.07.2025-നാണ് സമർപ്പിച്ചിട്ടുള്ളത്. കേരള സഹകരണ സംഘം നിയമം, 1969-ലെ വകുപ്പ് 83 പ്രകാരം നിശ്ചയിച്ചിരിക്കുന്ന 60 ദിവസത്തെ കാലപരിധിക്ക് ശേഷമാണ് അപ്പീൽ ഹർജി സമർപ്പിച്ചിട്ടുള്ളത്. കാലതാമസം ക്ഷമിക്കണമെന്നതിന് യാതൊരു മതിയായ

കാരണവും ഹർജിക്കാർ ഉന്നയിച്ചിട്ടില്ല.

3) കൂടാതെ, കേരള സഹകരണ സംഘം നിയമം ചട്ടം 47(d), വകുപ്പ് 63, 64 എന്നിവ പ്രകാരം സംഘത്തിന്റെ കണക്കുകൾ സൂക്ഷിക്കൽ, നടത്തിപ്പ്, സുരക്ഷ, ഫണ്ടുകളുടെ വിനിയോഗം, ഓഡിറ്റ് എന്നിവയ്ക്കുള്ള പ്രാഥമിക ഉത്തരവാദിത്തം സംഘത്തിന്റെ ഭരണസമിതിക്കാണെന്ന് പരാമർശം (3) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ വ്യക്തമാണ്. വകുപ്പ് 65, 68 പ്രകാരമുള്ള അന്വേഷണ നടപടികളിൽ ബന്ധപ്പെട്ട കക്ഷികൾക്ക് യഥാസമയം നോട്ടീസ് നൽകിയതായും അന്വേഷണ റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കിയതായും, വിശദീകരണം നൽകുന്നതിനും വാദം അവതരിപ്പിക്കുന്നതിനും മതിയായ അവസരം നൽകിയതായും ഫിഷറീസ് ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച രേഖകൾ വ്യക്തമാക്കുന്നുണ്ട്. അതിനാൽ സ്വാഭാവിക നീതി ലംഘിച്ചുവെന്ന അപ്പീൽ ഹർജിക്കാരുടെ വാദം നിലനിൽക്കുന്നതല്ല.

4) മുകളിൽ പരാമർശിച്ച എല്ലാ വസ്തുതകളും, ഫിഷറീസ് ഡയറക്ടറുടെ പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിലെ കണ്ടെത്തലുകളും, നിയമവ്യവസ്ഥകളും സർക്കാർ വിശദമായി പരിശോധിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ, അപ്പീൽ ഹർജി നിയമപരമായി നിശ്ചയിച്ചിരിക്കുന്ന കാലപരിധിക്ക് ശേഷമാണ് സമർപ്പിച്ചിരിക്കുന്നതെന്നും, കാലതാമസം ക്ഷമിക്കണമെന്നതിന് മതിയായ കാരണങ്ങൾ ഹർജിക്കാർ ഉന്നയിച്ചിട്ടില്ലെന്നും, അപ്പീൽ ഹർജിയിൽ ഉന്നയിച്ചിരിക്കുന്ന വാദങ്ങൾ വസ്തുതാപരമായോ നിയമപരമായോ നിലനിൽക്കുന്നതല്ലെന്നും, വകുപ്പ് 65, 68 പ്രകാരമുള്ള നടപടികളിൽ സ്വാഭാവിക നീതി ലംഘനം സംഭവിച്ചിട്ടില്ലെന്നും കാണുന്നു. അതിനാൽ, കേരള സഹകരണ സംഘം നിയമം, 1969-ലെ വകുപ്പ് 83 പ്രകാരം ശ്രീ. പി. മുഹമ്മദ് നിസാറും മറ്റ് ആറു പേരും സമർപ്പിച്ച അപ്പീൽ ഹർജി തള്ളിക്കൊണ്ട്, വകുപ്പ് 68(2) പ്രകാരം 03.05.2025-ന് പുറപ്പെടുവിച്ച സർചാർജ് ഉത്തരവ് നിലനിർത്തിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.

ശ്രീ.പി. മുഹമ്മദ് നിസാർ, പുതിയാണ്ടി ഹൗസ്, ശാന്തി മൈതാനം, നീർച്ചാൽ, കണ്ണൂർ പി.ഒ. - 670 003.

ശ്രീ.ശെരീഫ് ടി., തായത്ത് ഹൗസ്, രാജീവ്ഗാന്ധി റോഡ്, കുറുവപ്പാലം, കണ്ണൂർ-3.

ശ്രീ.എ.കെ.അബ്ദുൾ അസീസ്, ബീവിയാസ്, മുക്കടവ്, കണ്ണൂർ സിറ്റി പി.ഒ., കണ്ണൂർ.

ശ്രീമതി ബാബിദ ഇ., ഇടപ്പാറ ഹൗസ്, നിയർ സിറ്റി പോസ്റ്റ് ഓഫീസ്, കണ്ണൂർ സിറ്റി.

ശ്രീമതി ഹാജിറാബി സി., ഖലീൽ മൻസിൽ, ബീച്ച് റോഡ്, മുക്കടവ്, കണ്ണൂർ.

ശ്രീ.കമറുദ്ദീൻ ടികെ., തൈക്കണ്ടി ഹൗസ്, കടലായി പി.ഒ., തയ്യിൽ, കണ്ണൂർ.

ശ്രീ. കെ. അഷ്റഫ്, കാളക്കാരൻ ഹൗസ്, കൊടപ്പറമ്പ്, കണ്ണൂർ -12

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sabitha Shiju
Date: 22-01-2026 17:05:19

സെക്ഷൻ ഓഫീസർ